ശുദ്ധജല വിതരണ രംഗത്തുണ്ടായ പുരോഗതി

119 (716) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല വിതരണ രംഗത്ത് ഈ സർക്കാർ വന്നശേഷം ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

(ബി) എത്ര ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനമാണ് ഇപ്പോൾ നടന്നുവരുന്നത് ;

(സി) ഇവ പൂർത്തിയാകുമ്പോൾ എത്രപേർക്കുകൂടി കുടിവെള്ളം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) നിർമ്മാണത്തിലിരിക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണപദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ഇ) നിലവിലുള്ള കുടിവെള്ളവിതരണ പദ്ധതികൾ വിപുലീകരിക്കുന്നതിനും കുടിവെള്ളത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ ;

ഉത്തരം

(എ) 67 വൻകിട ശുദ്ധജല വിതരണ പദ്ധതികളും 222-ചെറുകിട പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റി, ജപ്പാൻ ബാങ്കിന്റെ സഹായത്തോടെയുള്ള തിരുവനന്തപുരം നഗര മേഖലയിലെ ശുദ്ധജല വിപുലീകരണ പദ്ധതി 18-5-2010-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. സുനാമി പുനരധിവാസപദ്ധതിയിൽ ഉൾപ്പെടുത്തി 95 പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ജല അതോറിറ്റി ഏറ്റെടുത്ത് മുടങ്ങിക്കിടന്ന 36 പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 30 പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ JNNURM പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലേക്കായി രണ്ട് ശുദ്ധജല വിതരണ പദ്ധതികളുടെയും UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി മുനിസിപ്പാലിറ്റികളിലേക്കായി 13 ശുദ്ധജല വിതരണ പദ്ധതികളുടെയും പ്രവർത്തനവും നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 156 വൻകിട പദ്ധതികളാണ് വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. കൂടാതെ ജപ്പാൻ ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 5 വൻകിട പദ്ധതികളും JNNURM പദ്ധതിയിൽ ഉൾപ്പെടുത്തി '2' പദ്ധതികളും UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി 13-പദ്ധതികളും വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം 60 ലക്ഷം പേർക്ക് കുടിവെള്ളം ലഭ്യമാകുമെന്നാണ് കണക്കാക്കുന്നത്.

(ഡി) നിർമ്മാണത്തിലിരിക്കുന്ന എല്ലാ ത്വരിത ഗ്രാമീണ പദ്ധതികളും 2012-13 വർഷത്തിനകം കഴിയുന്നതുംവേഗം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) നിലവിലുള്ള കുടിവെള്ള പദ്ധതികൾ വിപുലീകരിക്കാനും കുടിവെള്ള ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവിഷ്കരിച്ചുവരുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കടൽവെള്ളം ശുദ്ധീകരിച്ച് നൽകുന്നതിനുള്ള പ്രോജക്റ്റ്

120 (717) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ കടൽവെള്ളം ശുദ്ധീകരിച്ച് നൽകാനുള്ള പ്രോജക്ട് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോൾ കേരളത്തിൽ വിതരണത്തിനായുള്ള കുടിവെള്ള സ്രോതസ്സുകൾ വേണ്ടത്ര ഉണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അത്തരം പദ്ധതി നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. കുടിവെള്ള വിതരണത്തിന് അനുയോജ്യമായ ധാരാളം ഉപരിതല സ്രോതസ്സുകൾ ഉള്ള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം താരതമ്യേന ചെലവേറിയ കടൽവെള്ള ശുദ്ധീകരണം സാധാരണഗതിയിൽ പ്രായോഗികമല്ല.

(ബി) കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ കുടിവെള്ള സ്രോതസ്സുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly